Fax.

1/2

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്- സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും- രക്ഷിതാക്കൾ ഇല്ലാത്ത/രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾക്ക് ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റത്തിന് അർഹമായ ഇളവുകളും മുൻഗണനകളും നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-14) വകുപ്പ്

സ.ഉ.(കൈ) നം.22/2024/P&ARD തീയതി,തിരുവനന്തപുരം, 06-11-2024

---

പരാമർശം:-

1. 25.02.2017 ലെ സ.ഉ(പി)നം.3/2017/ഉഭപവ നമ്പർ ഉത്തരവ്.
2. കേന്ദ്രസർക്കാരിന്റെ 08.10.2018 തീയതിയിലെ 42011/3/2014.Estt.(Res) നമ്പർ ഓഫീസ് മെമ്മോറാണ്ടം
3. നവകേരള സദസ്സിൽ 19.12.23 തീയതിയിൽ ശ്രീ.പി. രാധാകൃഷ്ണൻ, കൊല്ലം സമർപ്പിച്ച ഹർജി

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11 ൽ സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട/പ്രഥമ ഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു.

2. രക്ഷിതാക്കൾ ഇല്ലാത്ത/ രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങളെ പൊതുസ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ. പി. രാധാകൃഷ്ണൻ പരാമർശം (3) പ്രകാരം ഹർജി സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാതിയിൽ പരാമർശിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് രക്ഷിതാക്കൾ ഇല്ലാത്ത / രക്ഷിതാക്കൾക്ക് സംരക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സഹോദരങ്ങൾക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ സ്ഥലംമാറ്റത്തിന് അർഹമായ ഇളവുകളും മുൻഗണനകളും അനുവദിക്കുവാൻ ഉത്തരവാകുന്നു. ഇത് അനുവദിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

4.പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/
സെക്രട്ടറിമാർക്ക് / സ്പെഷ്യൽ സെക്രട്ടറിമാർക്ക് / സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും
രജിസ്ട്രാർ, കേരള/ കൊച്ചി/ കോഴിക്കോട്/ കണ്ണൂർ/ മഹാത്മാഗാന്ധി/ ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം,തിരുവനന്തപുരം
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ഉത്തരവിൻ പ്രകാരം
Signed by
Aravind .c.m
Date: 07-11-2024 10:38:38
സെക്ഷൻ ഓഫീസർ